# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 മാർച്ച് 18

# വാർത്താക്കുറിപ്പ്

## ടൈംസ് ഹയർ എജ്യൂക്കേഷൻ 'എമർജിംഗ് ഇക്കണോമീസ് യൂണിവേഴ്സിറ്റി റാങ്കിംഗ് 2021'ൽ മഹാത്മാഗാന്ധി സർവകലാശാല 141-ാം സ്ഥാനത്ത്

ടൈംസ് ഹയർ എജ്യൂക്കേഷൻ നടത്തുന്ന എമർജിംഗ് ഇക്കണോമീസ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ മികച്ച സർവകലാശാലകളുടെ ഗണത്തിൽ മഹാത്മാഗാന്ധി സർവകലാശാല 141-ാം സ്ഥാനം കൈവരിച്ചു. അഡ്വാൻസ്ഡ് എമർജിംഗ്, സെക്കന്ററി എമർജിംഗ്, ഫ്രണ്ടിയർ എന്നീ വിഭാഗങ്ങളിലെ രാജ്യങ്ങളിൽ നിന്നുള്ള സർവകലാശാലകളെയാണ് റാങ്കിംഗിൽ ഉൾപ്പെടുത്തിയത്. 606 സർവകലാശാലകളാണ് ഈ വർഷം റാങ്കിങ്ങിൽ ഉൾപ്പെട്ടിട്ടുള്ളത്. ടൈംസ് ഹയർ എജ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ്സിൽ പരിഗണിക്കപ്പെടുന്ന വിവിധ സൂചകങ്ങളെ ആസ്പദമാക്കി തയാറാക്കിയ ടൈംസ് ഹയർ എജ്യൂക്കേഷൻ എമർജിംഗ് ഇക്കണോമീസ് യൂണിവേഴ്സിറ്റി റാങ്കിംഗ്സ് 2021 പട്ടികയിലാണ് ലോകോത്തര സർവകലാശാലകളോടൊപ്പം മഹാത്മാഗാന്ധി സർവകലാശാല ഇടംപിടിച്ചത്.

ടീച്ചിംഗ് (30 ശതമാനം), റിസർച്ച് (30 ശതമാനം), സൈറ്റേഷൻസ് (20 ശതമാനം), ഇന്റർനാഷണൽ ഔട്ട്ലുക്ക് (10 ശതമാനം), ഇൻഡസ്ട്രി ഔട്ട്കം (10 ശതമാനം) എന്നീ സൂചകങ്ങളാണ് പരിഗണിക്കപ്പെട്ടത്. ചൈനീസ് സർവകലാശാലകളായ സിംഗ്വ യൂണിവേഴ്സിറ്റി, പെകിങ് യൂണിവേഴ്സിറ്റി, സെജ്യാങ് യൂണിവേഴ്സിറ്റി, ഫുഡാൻ യൂണിവേഴ്സിറ്റി, ഷാൻഹായ് ജിയാവോ ടോംഗ് യൂണിവേഴ്സിറ്റി എന്നിവയാണ് ആദ്യത്തെ അഞ്ച് റാങ്കുകാർ. റാങ്കിങ്ങിൽ ഉൾപ്പെട്ട 63 ഇന്ത്യൻ സർവകലാശാലകളിൽ എട്ടാം സ്ഥാനവും കേരളത്തിലെ സർവകലാശാലകളിൽ ഒന്നാം സ്ഥാനവും മഹാത്മാഗാന്ധി സർവകലാശാലയ്ക്കുണ്ട്. കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവകലാശാലയും റാങ്കിങ്ങിൽ ഉൾപ്പെട്ടിട്ടുണ്ട്.

(പി.ആർ.ഒ/39/364/2021)

## പരീക്ഷകൾ മാറ്റി

ഇന്ന് (മാർച്ച് 19) നടത്താനിരുന്ന ബി.ആർക് (മെയ്/ജൂൺ 2020 സെഷൻ), രണ്ടാം വർഷ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ മുതൽ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി, നാലാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ) റഗുലർ/സപ്ലിമെന്ററി, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) റഗുലർ/സപ്ലിമെന്ററി, അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എൽ.എൽ.എം., രണ്ടാം വർഷ എം.എസ് സി. മെഡിക്കൽ മൈക്രോബയോളജി (2016 അഡ്മിഷൻ മുതൽ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്. മറ്റ് പരീക്ഷകളുടെ തീയതി, സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/365/2021)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം - 2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് 25 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/363/2021)

നാലാം സെമസ്റ്റർ എം.സി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി/ ലാറ്ററൽ എൻട്രി - 2019 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ - സ്പെഷൽ ബാച്ച്, 2018 അഡ്മിഷൻ സപ്ലിമെന്ററി), നാലാം സെമസ്റ്റർ എം.സി.എ. സപ്ലിമെന്ററി (2014, 2015 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്/2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ/ലാറ്ററൽ എൻട്രി - സപ്ലിമെന്ററി - 2017

അഡ്മിഷൻ - വേക്കന്റ് സീറ്റ്/2014-2016 അഡ്മിഷൻ), നാലാം സെമസ്റ്റർ എം.സി.എ. (സപ്ലിമെന്ററി - 2016 അഡ്മിഷൻ/ലാറ്ററൽ എൻട്രി - 2017 അഡ്മിഷൻ - സീപാസ്) പരീക്ഷകൾ ഏപ്രിൽ 16 മുതൽ ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 22 വരെയും 525 രൂപ പിഴയോടെ മാർച്ച് 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 24 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/366/2021)

## അപേക്ഷ തീയതി നീട്ടി

നാലാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 19 വരെയും പിഴയോടെ മാർച്ച് 22 വരെയും സൂപ്പർഫൈനോടെ മാർച്ച് 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/367/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-22 അധ്യയനവർഷം എം.ടെക് എനർജി സയൻസ് പ്രോഗ്രാമിലേക്ക് എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. എം.ടെക് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിലും മുസ്ലിം വിഭാഗത്തിലും ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ സാക്ഷ്യപത്രങ്ങളുമായി മാർച്ച് 20ന് രാവിലെ 10.30ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി. എ11 സെക്ഷനിൽ എത്തണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/368/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ് സി. മോഡൽ 3 - സൈബർ ഫോറൻസിക് പരീക്ഷയുടെ തടഞ്ഞുവെച്ചിരുന്ന ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/369/2021)

2019 നവംബറിൽ നടന്ന എൽ.എൽ.എം. (ആനുവൽ സ്കീം - ഓഫ് കാമ്പസ് പ്രീവിയസ്, അവസാന വർഷ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/370/2021)

**നജീബ് എം.**
പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)